"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2020 - പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട ആശ്വാസ ധനസഹായ ഫണ്ട് അതാത് ജില്ലാകളക്ടർമാർക്ക് അനുവദിച്ചതിനു ശേഷം തഹസിൽദാർ മുഖാന്തിരം വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.715/2020/DMD തീയതി, തിരുവനന്തപുരം, 14/09/2020

---

പരാമർശം:- 1. 16.08.2018-ലെ സ.ഉ (കൈ) നം.13/2018/ഡി.എം.ഡി
2. 17.08.2019-ലെ സ.ഉ (കൈ) നം.22/2019/ഡി.എം.ഡി
3. 23.08.2019-ലെ സ.ഉ (കൈ) നം.25/2019/ഡി.എം.ഡി
4. ലാന്റ് റവന്യൂ കമ്മീഷണറുടെ 11/08/2020 തീയതിയിലെ എൽ.ആർ(എച്ച്) 2-14380 2020 നമ്പർ കത്ത്.

<u>ഉത്തരവ്</u>

2018-ലെ പ്രളയത്തിൽ താലൂക്കടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും തഹസിൽദാർ മുഖേന ധനസഹായം അനുവദിക്കുകയുമാണുണ്ടായത്. 2019-ലെ പ്രളയത്തെത്തുടർന്നുള്ള ധനസഹായ വിതരണം കേന്ദ്രീകൃതമായിട്ടാണ് നടപ്പിലാക്കിയത്. ഇതിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി വിഹിതവും (SDRF)/ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) വിഹിതവും ഉൾപ്പെട്ടിട്ടുണ്ട്. താലൂക്കിൽ നിന്നും ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം ലഭ്യമാകുന്ന ലിസ്റ്റിൽ നിന്നും ബിൽ/ചെക്ക് ട്രഷറിയിൽ സമർപ്പിച്ച് DBT വഴിയാണ് ധനസഹായം അനുവദിച്ചത്.

2) പരാമർശം (4) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ നൽകിയ റിപ്പോർട്ടിൽ ലാന്റ് റവന്യൂ കമ്മീഷണർ Drawing & Disbursing ഓഫീസർ അല്ലായെന്നും ധനസഹായ വിതരണം വികേന്ദ്രീകൃതമായി ഡി.ഡി.ഒ.മാരായ തഹസീൽദാർമാർ മുഖാന്തിരം നടത്തുകയാണെങ്കിൽ ആയത് താലൂക്ക് പരിധിയിൽ മാത്രം ഉൾപ്പെടുന്നത് നാൽ ഉപഭോക്താക്കളുടെ എണ്ണം കുറവായിരിക്കുകയും തഹസിൽദാർമാർക്ക് കാലതാമസമില്ലാതെ ഗുണഭോക്താക്കളെ കണ്ടെത്തുവാനും ലിസ്റ്റ് തയ്യാറാക്കുവാനും വിതരണം നടത്തുവാനും അപ്രകാരം ധനസഹായവിതരണം ഏറ്റവും വേഗത്തിൽ പൂർത്തീകരിക്കുന്നതിന് സഹായകമാവുമെന്നും അറിയിച്ചു.

3) പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട സഹായധനം കേന്ദ്രീകൃതമായി ദുരന്തനിവാരണ വകുപ്പ് നേരിട്ട് വിതരണം ചെയ്യുന്നത് വൈകുന്നതിന് ഇടയാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഹൗസ് ഡാമേജിന്റെ തുക ചെക്ക് ആയി ട്രഷറിയിൽ സമർപ്പിക്കുന്നതിനാൽ അക്കൗണ്ട് കറക്ഷൻ ട്രഷറിയിൽ നിന്നും നടത്താവുന്നതും കറക്ഷൻ ചെയ്യുന്നതിനെടുക്കുന്ന കാലതാമസം, ഡാറ്റ എൻട്രിയിലുള്ള തെറ്റ് തിരുത്താനെടുക്കുന്ന സമയം, ഇത്തരം തെറ്റുകൾ തിരുത്തുന്നതിന് ആവശ്യമായ സ്റ്റാഫ് അടക്കമുള്ള സൗകര്യങ്ങളുടെ അഭാവം എന്നിവകാരണം സർക്കാർ തലത്തിൽ ഏകീകൃതമായി തുക ക്രെഡിറ്റ് ചെയ്യുവാൻ കാലതാമസം നേരിടുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട ആശ്വാസ ധസഹായം അർഹരായവർക്ക് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സംസ്ഥാന ദുരന്ത പ്രതികരണ നിധി/ മുഖ്യമന്ത്രിയുടെ ദിരിതാശ്വാസ നിധി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അതാത് ജില്ലാകളക്ടർമാർക്ക് ഫണ്ട് അനുവദിച്ചതിനു ശേഷം തഹസിൽദാർ മുഖാന്തിരം DBT മുഖേന വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. 2018-19, 2019-20 എന്നീ വർഷങ്ങളിൽ വിതരണം ചെയ്യാൻ ബാക്കിയുള്ള പ്രളയ ദുരിതാശ്വാസവും ഇതേ രീതിയിൽ വിതരണം ചെയ്യാവുന്നതാണ്. തഹസിൽദാർ തലത്തിൽ സ്വീകരിക്കുന്ന നടപടികളിന്മേൽ ലാന്റ് റവന്യൂ കമ്മീഷണർ/ സർക്കാർ തലങ്ങളിൽ ഒരു concurrent audit സംവിധാനം ഏർപ്പെടുത്തി യഥാസമയം ദുരിതാശ്വാസ വിതരണ നടപടികളുടെ കൃത്യതയും സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സാജു.എസ്.
അഡീഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം ബി. സജി
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്
ധനകാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
സ്റ്റോക്ക് ഫയൽ   ഓഫീസ് കോപ്പി

പകർപ്പ്
മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂം ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
റവന്യൂം ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക് ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ